# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3741

24.06.2014 ൽ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ ബാങ്കിന്റെ അധിക വിഭവ സമാഹരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എ.റ്റി. ജോർജ്ജ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്ക് അധിക വിഭവ സമാഹരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാന സഹകരണ ബാങ്ക് അധിക വിഭവ സമാഹരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിലെ സെക്ഷൻ 11(1) പ്രകാരമുള്ള നിശ്ചിത മൂലധന പര്യാപ്തത (CRAR) കൈവരിക്കണമെന്നും, 30.06.2013 ന് കുറഞ്ഞത് 4 ശതമാനവും 31.03.2015 ന് കുറഞ്ഞത് 7 ശതമാനവും മൂലധന പര്യാപ്തത (CRAR) കൈവരിക്കണമെന്നും ഭാരതീയ റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന സഹകരണ ബാങ്ക് അധിക വിഭവ സമാഹരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഓഹരി ഇനത്തിൽ 14 ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും 102.51 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) അധിക വിഭവ സമാഹരണത്തിലൂടെ മൂലധനം സമാഹരിച്ച് മൂലധന പര്യാപ്തത കൈവരിച്ച് ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസ് നിലനിർത്തുക. കുടിശ്ശിക പിരിച്ചെടുത്ത് ബാങ്കിന്റെ NPA കുറച്ച് ബാങ്കിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തി അതുവഴി മൂലധന പര്യാപ്തത കൈവരിക്കുക എന്നിവയാണ് ഈ വിഭവ സമാഹരണത്തിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. |

| | |
|---|---|
| (സി) ബാങ്കിന്റെ മൂലധന പര്യാപ്തത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) ബാങ്കിന്റെ മൂലധന പര്യാപ്തത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കുടിശ്ശിക കുറച്ച് ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളോടൊപ്പം അംഗസംഘങ്ങളായ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും പരമാവധി ഓഹരി സമാഹരിക്കുക, സംസ്ഥാന സർക്കാരിൽ നിന്നും ഓഹരിയിനത്തിൽ ധനസഹായം ലഭ്യമാക്കുക എന്നീ വിഷയങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തി-യിരിക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) ഇതിലേയ്ക്കായി അംഗസംഘങ്ങളായ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും പരമാവധി ഓഹരി സമാഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം അംഗങ്ങൾ വിവിധ ആവശ്യങ്ങൾക്കായി എടുക്കുന്ന വായ്പയുടെ ഓഹരി അനുപാതം 2% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. മൂലധനം സ്വരൂപിക്കുന്നതോടൊപ്പം മൂലധന പര്യാപ്തത പരിഹരിക്കുന്നതിന് RBI യുടെ സർക്കുലർ നിർദ്ദേശ പ്രകാരം Long Term Sub-ordinate Deposit Scheme, Innovative Perpetual Debt Instrument വിതരണം ചെയ്ത് രജിസ്ട്രാറുടെ അനുമതിയോടു കൂടി Tier 1, Tier 2 മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മാത്രമല്ല നിക്ഷേപം നടത്തുകയോ, വായ്പ എടുക്കുകയോ ചെയ്യുന്ന വ്യക്തികളിൽ നിന്ന് നോമിനൽ ഓഹരിയായും അധിക മൂലധനം സ്വരൂപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ